**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4342** **18-03-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ, കൈത്തറി, കശുവണ്ടി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിനും ഈ മേഖലകളിൽ വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | **കയർ** മേഖലയിൽ യന്ത്രവത്കരണ ത്തിലൂടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം വിപണിക്കാവശ്യമായ നവീന ഉത്പന്നങ്ങൾ നിർമ്മിച്ചെടുക്കാൻ തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ/ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഭോപ്പാലിന്റെ സഹകരണത്തോടെ കയർ കോർപ്പറേഷൻ ഇതിനകം നാല് ബാച്ച് ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ചകിരിച്ചോറിൽ നിന്നുള്ള ഉത്പന്നങ്ങൾ കയർഫെഡ് വഴിയും കയർ സംഘങ്ങൾ വഴിയും ഉത്പാദിപ്പിച്ച് വിപണനം നടത്തി വരുന്നുണ്ട്. കയർ ഭൂവസ്ത്രത്തിന്റെ, വിനിയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പരമ്പരാഗത വ്യവസായമായ **കൈത്തറി** മേഖലയെ സംരക്ഷിക്കുന്ന തിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.<br><br>2) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം<br><br>3) ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.<br><br>4)നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്ന തിനുള്ള സബ്സിഡി.<br><br>5) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ. |

6) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ (യുവ വീവ് പദ്ധതി).

7)നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളി കൾക്കുമുള്ള പ്രോത്സാഹന പരിപാടി.

8) കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക.

9) കാഞ്ഞിരോട് കൈത്തറി ഗ്രാമം/ ഹാൻഡ്ലൂം വില്ലേജ്.

10) കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

11)കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി (പുതിയത്).

12) വിപണന - കയറ്റുമതി പ്രോത്സാഹനം.

13)കൈത്തറി സംഘങ്ങളുടെ ആധുനിക വൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.

14)പരിശീലന, വൈദഗ്ദ്ധ്യ ശേഷി വികസന പരിപാടി

15) ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്. ഡി.പി).

16) അംശദാനമിതവ്യയ പദ്ധതി.

17) റിബേറ്റ് പദ്ധതി.

18) മാർക്കറ്റിംഗ് ഇൻസെന്റീവ്.

19)സ്മാൾ ക്ലസ്റ്റർ ഡെവലപ്മെന്റ്സ് പ്രോഗ്രാം.

20) കേരള കൈത്തറി ബ്രാൻഡിംഗ് & 'ക' എന്ന ലോഗോ.

21)നാട്ടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് ആൻറ് പ്രിന്റിങ് സെൻറർ

22) ഡിസൈൻ സ്റ്റുഡിയോ.

23) ഇൻകം സപ്പോർട്ട് സ്കീം.

കൂടാതെ കൈത്തറി മേഖലയിൽ വൈവിധ്യവത്കരണം കൊണ്ടുവരുന്ന തിനായി **ഡിസൈൻ സ്റ്റുഡിയോ** സ്ഥാപിക്കുന്നതിലൂടെയും, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും

എന്ന പദ്ധതിയുടെ ഭാഗമായി സാങ്കേതിക മേന്മ വർദ്ധിപ്പിക്കുന്നതിലൂടെയും (Technology Upgradation) നെയ്ത്തുകാർക്ക് പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിലൂടെയും സാധിക്കുന്നു.

സ്വകാര്യ മേഖല ഉൾപ്പെടെ സംസ്ഥാനത്ത് കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ പ്രധാനം തോട്ടണ്ടിയുടെ ലഭ്യതക്കുറവും ഉയർന്ന സംസ്കരണ ചെലവുമാണ്. കേരള കാഷ്യൂ ബോർഡ് 2018-19 മുതൽ നാളിതു വരെയായി 78182 മെട്രിക് ടൺ തോട്ടണ്ടി വിവിധ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. അതിലൂടെ അവയുടെ അധീനതയിലുള്ള കശുവണ്ടി സംസ്കരണ ശാലകൾ പ്രവർത്തനക്ഷമമാക്കുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 13055 മെട്രിക് ടൺ തോട്ടണ്ടി വിവിധ രാജ്യങ്ങളായ ഘാന, ഐവറികോസ്റ്റ്, മൊസാംബിക്ക് എന്നിവിടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും വിതരണം ചെയ്തിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് നാളിതുവരെ ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ 2024-25 തുടക്കത്തിൽ തന്നെ കുറഞ്ഞ വിലയ്ക്ക് ഘാനയിൽ നിന്നും ഐവറികോസ്റ്റിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കി.

2025-26 സാമ്പത്തിക വർഷം ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് തുടർന്നും തൊഴിൽ നൽകുന്നതിനായി 20000 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാൻ ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ഘാനയിൽ നിന്നും 5000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള പർച്ചേസ് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതോടൊപ്പം ഘാനയിൽ നിന്നും ഐവറികോസ്റ്റിൽ നിന്നും 10000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് ഇന്ത്യയ്ക്കകത്തു നിന്ന് Farmers Producer Organization (FPO)/Co-operative Societies എന്നിവ വഴി ടെണ്ടർ മുഖാന്തിരം തോട്ടണ്ടി സംഭരണം നടത്തുന്നതിനു വേണ്ടി ഇ-ടെണ്ടർ ക്ഷണിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ

സമർപ്പിക്കുന്നതിനുമായി രൂപീകരിച്ച വിദശ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി (2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ) 30.00 കോടി രൂപ വകയിരുത്തുകയും ഇതിൽ മൂന്ന് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. **നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉത്പാദന ക്ഷമതയ്ക്കും പ്രോത്സാഹന ത്തിനും തൊഴിൽ പുനസ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തിനുമായി 20 കോടി രൂപ വകയിരുത്തി. ഇതിൽ സ്വകാര്യ സംരംഭകർക്ക്/ പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം എന്നിവ അടിസ്ഥാനമാക്കി EPF/ESI തൊഴിലുടമാവിഹിതമായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.**

**ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേയ്ക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി 5 കോടി രൂപയും പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിംഗ് വിഭാഗത്തിന്റെ നവീകരണത്തിനായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.**

**കേരളത്തിലെ ചെറുകിട-ഇടത്തരം കാഷ്യൂ ഫാക്ടറിയുടെ നവീനവത്ക്കര ണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് അവയുടെ സ്ഥിരാസ്തി മൂലധനത്തിന്മേലും, Technology Upgradationനുമായും പ്രവർത്തന മൂലധന ആവശ്യത്തിനായി എടുത്ത ലോണുകളിൽ അടച്ച പലിശയ്ക്ക് സബ്സിഡിയായും തുക അനുവദിച്ചിട്ടുണ്ട്.**

**സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' (OTS) സംബന്ധിച്ച് ഫോർമുല രൂപീകരിക്കു ന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 30.12.2021 ൽ നടന്ന യോഗതീരുമാനങ്ങൾക്ക് പ്രാബല്യം നൽകിക്കൊണ്ടും 'ഒറ്റത്തവണ തീർപ്പാക്കൽ ' (OTS) പദ്ധതി നടപ്പിലാക്കി. സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പരിധി 31.03.2021 വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി**

**വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ കൂടി ഉൾപ്പെടുന്നതാണ്. 2 കോടി വരെയുള്ള അക്കൗണ്ടുകൾക്ക് 50% വും 2 കോടിയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NP അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% ഉം അംഗീകരിച്ചാണ് OTS ഉത്തരവായിട്ടുള്ളത്. OTS സ്വീകരിക്കുന്ന അവസാന തീയതി 31.03.2022 വരെ എന്നുള്ളത് സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം 31.12.2024 വരെ ദീർഘിപ്പിച്ച് നൽകി. ഇത് 31.12.2025 വരെ ദീർഘിപ്പിച്ച് നൽകാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും പരിഗണിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഈ യോഗത്തിന്റെ തീരുമാന പ്രകാരം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി തന്നെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.**

**സംസ്ഥാന കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിക്കപ്പെട്ട മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടി തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി 23% നിരക്കിൽ വർദ്ധിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ജോലിയ്ക്ക് ഹാജരാകുന്ന ദിവസങ്ങളിൽ തൊഴിലാളികൾക്ക് പ്രതിദിനം 21.06/- രൂപ നിരക്കിൽ ഡി.എയും ഇതോടൊപ്പം നൽകുന്നുണ്ട്.**

പരമ്പരാഗത വ്യവസായമായ **ഖാദിയെ** സംരക്ഷിക്കുന്നതിനായി ടി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ് നെയ്ത്തു ഉപകരണ ങ്ങൾ നവീകരിക്കുന്നതിനും ഖാദി വസ്ത്ര മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വിപണനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

ഖാദി ബോർഡിന് ആദ്യമായി ഖാദി വസ്ത്രങ്ങളുടെ വില്പനയ്ക്ക് വിദേശത്തും അവസരം ലഭിച്ചു. ദുബായ്, അബുദാബി എന്നിവിടങ്ങളിലെ മലയാളി സംഘടന കൾ സംഘടിപ്പിച്ച പരിപാടികളിലേയ്ക്ക് ഖാദി വസ്ത്രങ്ങൾ കയറ്റി അയച്ചു. ജർമ്മനിയിലെ More Life Style എന്ന സ്ഥാപനവുമായി സഹകരിച്ച് ഖാദി കിഡ്സ്‌വെയറും യു.എസിലേയ്ക്ക് ഖാദി വസ്ത്രങ്ങളും കയറ്റി അയച്ചു. ഖാദി ബോർഡിനുവേണ്ടി ഓൺലൈൻ

വിപണനം നടത്തുന്നതിന് ഷോപ്പിംഗ് കാർട്ട് മൊബൈൽ ആപ്ലിക്കേഷൻ “Khadi Kerala” എന്ന പേരിൽ സജ്ജമാക്കി. ഓൺലൈൻ പ്ലാറ്റ്ഫോംവഴി ഖാദി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് 2024-ലെ ഓണത്തോടെ തുടക്കം കുറിച്ചു. കേരള സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ് ഫോമായ Kshoppee വഴിയും ഖാദി ഉൽപന്നങ്ങൾ വില്പന നടത്തുന്നുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് "ഖാദി പഴയ ഖാദി അല്ല" എന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തുന്ന വിധത്തിലുള്ള മാറ്റങ്ങൾ ഖാദി വസ്ത്രങ്ങളിൽ വരുത്തി. റെഡിമെയ്ഡ് വസ്ത്രങ്ങളിൽ വൈവിധ്യവത്ക്കരണം നടത്തുന്നതിനായി ഫാഷൻ ഡിസൈനർമാരെ നിയോഗിച്ചു.

ഖാദി നൂല്പ്-നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന് വേണ്ടി ചർക്കകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഐ.ഐ.റ്റി. ചെന്നൈയുമായി Memorandum of Understanding ഒപ്പുവച്ച് ഗവേഷണം ആരംഭിച്ചു. കാലാനുസൃതമായ ഡിസൈനുകൾ എളുപ്പത്തിൽ തയ്യാറാക്കാൻ സഹായിക്കുന്ന ഹാൻഡ്ലൂം ഇലക്ട്രോണിക് ജക്കാർഡ് മെഷീൻ ഖാദി മേഖലയിൽ ആദ്യമായി പാപ്പിനിശ്ശേരി ഖാദി കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങി. ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും യന്ത്ര വത്ക്കരണത്തിനും സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിനുമുള്ള സാധ്യത കളെ കുറിച്ച് സർക്കാർ പരിശോധിച്ചു വരുന്നു.

ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രം നവീകരിക്കുന്നതിന് ഒരു കോടി തൊണ്ണൂറ്റിയെട്ടു ലക്ഷം രൂപ അനുവദിച്ചു. ഇതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിച്ച് പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുകയും ചെയ്യുതുവഴി ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദി പ്പിക്കുന്നതിനും സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും സാധിച്ചു.

സംസ്ഥാനത്ത് ഖാദി മേഖലയിൽ ഏകദേശം 12,500 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 95% പേരും സ്ത്രീ തൊഴിലാളികളാണ്. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി വളരെ കുറവായതിനാൽ മിനിമം കൂലി ഉറപ്പാക്കുന്നതിനായി 2010-11 മുതൽ ഖാദി മേഖലയെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തുകയും 2021-22 മുതൽ 2024-

25 വരെ ഇൻകം സപ്പോർട്ട് സ്കീം വഴി 11980.79 ലക്ഷം രൂപയും ഉത്സവബത്ത/ ഉല്പാദന ഇൻസെന്റീവ് എന്നിവയ്ക്കായി 1376.57 ലക്ഷം രൂപയും സർക്കാർ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

വിപണനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിശേഷ അവസരങ്ങളിൽ ഖാദിയ്ക്ക് 30% വരെ റിബേറ്റ് അനുവദിച്ചു കൊണ്ട് ഖാദിമേളകൾ സംഘടിപ്പി ക്കാറുണ്ട്. ഓണത്തോടനുബന്ധിച്ച് "ഓണം ഖാദി മേള 2024" സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചു. 2021-22 മുതൽ 2024-25 വരെ ഖാദി വസ്ത്രങ്ങൾക്ക് 4470 ലക്ഷം രൂപ റിബേറ്റ് ഇനത്തിൽ സർക്കാർ അനുവദിച്ചു. 2024-25 ൽ മാത്രം 15 കോടി രൂപ റിബേറ്റ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

ഖാദി പ്രചരണത്തിന്റെ ഭാഗമായി 2023-ലെ ഗാന്ധിജയന്തി വാരാഘോഷത്തോട നുബന്ധിച്ച് ഖാദി വസ്ത്രം മാത്രം നിത്യജീവിതത്തിൽ ഉപയോഗിക്കുന്നവരെ എല്ലാ ജില്ലയിലും ആദരിച്ചു. ബുധനാഴ്ച ദിവസം ഖാദി/ കൈത്തറി വസ്ത്രം ധരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ ഭാഗമായി സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് എക്സിബിഷൻ/ സെയിൽസ് എന്നിവ നടത്തി വരുന്നു. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഖാദി വസ്ത്രങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവും നൽകുന്നുണ്ട്.

മെഡിക്കൽ മേഖലയിലെ ഡോക്ടർമാർ, നേഴ്സുമാർ, ഡെന്റൽ, നഴ്സിംഗ്, പാരാമെഡിക്കൽ വിദ്യാർത്ഥികൾ തുടങ്ങിയ ആരോഗ്യ പ്രവർത്തകർ യൂണിഫോമിന്റെ ഭാഗമായി ഖാദി ബോർഡിൽ നിന്നും ഖാദി ഓവർകോട്ടുകൾ വാങ്ങണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന **കേരള ക്രാഫ്റ്റ്സ് മേള** സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ / സംരംഭകർ/ എൻ.ജി.ഒ/എസ്.എച്ച്.ജി എന്നിവരുടെ ഉല്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും വൈവി ധ്യവത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കു ന്നതിനും കേരള

സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ ബാംബൂ ഇന്നവേഷൻ സെൻറർ സ്ഥാപിച്ചിട്ടുണ്ട്.

**കേരള സ്റ്റേറ്റ് ബാംബു കോർപറേഷന്റെ** കീഴിൽ ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാരും പായ നെയ്ത്തുകാരും അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ- വിളവെടുപ്പും സംസ്കരണവും എന്ന പദ്ധതി. ഡിയർനെസ് അലവൻസ് എന്ന പേരിൽ നൽകി വന്നിരുന്ന 149/- രൂപ തുടർന്ന് സർക്കാർ നേരിട്ട് തൊഴിലാളികളിലേയ്ക്ക് എത്തിക്കുന്ന പദ്ധതിയാണിത്. കൂടാതെ ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ് മുഖേന വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, കൈത്താങ്ങ് പദ്ധതി തുടങ്ങിയ ആനുകൂല്യങ്ങളും കൂടാതെ പെൻഷനും നൽകുന്നു.

പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ മരപ്പണി, ഇരുമ്പ്പണി, സ്വർണ്ണപ്പണി, മേസ്തിരിപ്പണി, ചെമ്പ്-ഓട്ട് പാത്ര നിർമ്മാണം തുടങ്ങിയ തൊഴിൽ വിഭാഗത്തിൽ ഏർപ്പെട്ടിരിക്കുന്ന **ആർട്ടിസാന്മാ**രുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സ്ഥാപിതമായ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആർട്ടിസാന്മാർക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും, ഉൽപ്പന്ന പ്രദർശനവും, വിൽപ്പന ശാലകൾ വഴി ന്യായമായ വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നീ ലക്ഷ്യത്തോടെ നാശോന്മുഖമായ ഈ തൊഴിലുകളെ പുനരുജ്ജീവിപ്പിച്ച് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി കാഡ്കോ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ Rate contract, Accreditation, Civil contract license എന്നിവ പ്രയോജനപ്പെടുത്തി സർക്കാർ, അർദ്ധസർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സർവ്വീസ് ആന്റ് സപ്ലൈ പദ്ധതി പ്രകാരം Civil works, Interior Furnishing, Hard wood Furnishing, Furniture supply എന്നിവ ചെയ്തു വരുന്നു. NBCFDC സഹായത്തോടെ ചെറുകിട സംരംഭക യൂണിറ്റുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നുണ്ട്. പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന്, ഗോൾഡ് അപ്രൈസർ ട്രെയിനിംഗ് കോഴ്സ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

പരമ്പരാഗത മരപ്പണിക്കാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 130 ടൂൾകിറ്റുകൾ വിതരണത്തിന് ലഭ്യമാക്കി കഴിഞ്ഞു. ആർട്ടിസാൻമാരുടെ വാർഡ് തിരിച്ചുള്ള സമഗ്ര വിവരശേഖരണം, കാഡ്കോയുടെ നേതൃത്വത്തിൽ ആർട്ടിസാൻസ് ലേബർ ഡേറ്റാ ബാങ്ക് എന്ന പേരിൽ തുടങ്ങി കഴിഞ്ഞു. കൂടാതെ ആർട്ടിസാന്മാർക്ക് ഐഡി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

കരകൗശല മേഖലയെ സംരക്ഷിക്കുന്നതിനും, ഈ മേഖലയിൽ വൈവിധ്യവൽക്കരണം കൊണ്ടു വരുന്നതിനുമായി **കരകൗശല വികസന കോർപ്പറേഷൻ** സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ്പ ലഭ്യമാക്കുകയും പുതിയ ഉൽപ്പന്നങ്ങളുടെ ഡിസൈനുകളും മാതൃകകളും സൃഷ്ടിക്കുകയും പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

കൂടാതെ പിന്നാക്ക വിഭാഗത്തിൽ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടി രിക്കുന്നവർക്ക് അവരുടെ തൊഴിലുകൾ സംരക്ഷിക്കുന്നതിനും, ആധുനികവൽക്ക രിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനു മായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നൽകി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം.**

ഈ പദ്ധതി പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഉൽപ്പന്ന നിർമ്മാണത്തിൽ പിന്തുടരുന്ന പരമ്പരാഗത രീതിയിൽ നിന്നും വ്യത്യസ്തമായി തൊഴിൽ ആധുനി കവൽക്കരിക്കുന്നതിനും യന്ത്രവൽക്ക രിക്കുന്നതിനുമായി വർക്ക് ഷെഡ്ഡുകളുടെയും ചിമ്മിനികളുടെയും നിർമ്മാണത്തിനും നവീകരണത്തിനുമായി 50,000/- രൂപ 2 ഗഡുക്കളായി ധനസഹായം നൽകുന്നു. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സ വരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.

**2.പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം**

| | | | |
|---|---|---|---|
| | | | പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് തൊഴിലിടം നവീകരിക്കുന്നതിനും, കാലഘട്ട ത്തിനനുസൃതമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുന്നതിനുമായി പരമാവധി 25,000/- രൂപ വരെ 2 ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.<br><br>**3.പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല തൊഴിലാളി കൾക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം.**<br><br>പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ/കൈപ്പണിക്കാർ അവിദഗ്ദ്ധത്തൊഴിലാളികൾ എന്നിവർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പരമാവധി 20,000/- രൂപ 2 ഗഡുക്കളായി ആനുകൂല്യം അനുവദിച്ചു വരുന്നു. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സ് വരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കൂടാതെ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ പ്രദർശന ത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയും വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ